# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം</u>

7198 ശ്രീ. എ. കെ. ബാലൻ
,, കെ. രാധാകൃഷ്ണൻ
,, പി. റ്റി. എ. റഹീം
ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ കടത്തുകൂലി വർദ്ധിപ്പിച്ചത് മൂലം ജനജീവിതം കൂടുതൽ ദുസ്സഹമാകത്തക്കവണ്ണം സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില നിലവാരത്തിൽ ഉണ്ടായ വൻ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെട്രോളിയം ഉൽപന്നങ്ങൾക്ക് അടിക്കടി വില വർദ്ധിപ്പിക്കുന്ന തീരുമാനം കാര്യങ്ങൾ കൂടുതൽ രൂക്ഷമാകുന്നതിന് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഈ ഗുരുതരമായ സാഹചര്യം നേരിടുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; പ്രസ്തുത സാഹചര്യം നേരിടുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണം</u>

7199 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

T7200 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വിളവെടുപ്പുകാലത്ത് എത്ര ടൺ നെല്ലാണ് കർഷകരിൽനിന്നും സംഭരിച്ചത്;

(ബി) ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇതിൽ എത്ര കർഷകർക്ക് നെല്ലിന്റെ വില നൽകാനുണ്ട്; ഈ ഇനത്തിൽ എന്ത് തുക നൽകുവാനുണ്ട്;

(ഡി) ആലപ്പുഴ ജില്ലയിൽനിന്നും സംഭരിച്ച നെല്ലിന്റെ അളവെത്ര; ഇതിന്റെ മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും എന്ത് തുക കർഷകർക്ക് നൽകുവാനുണ്ട്;

(ഇ) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽനിന്നാണ് നെല്ല് സംഭരിച്ചത്; പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ നൽകുവാനുള്ള തുക എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിൽ നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തുക</u>

7201 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്ന് നെല്ല് വാങ്ങിയ വകയിൽ നിലവിൽ നല്കാനുള്ള ആകെ കുടിശ്ശികത്തുക എത്രയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക മുഴുവനായി കർഷകർക്ക് എന്ന് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശികത്തുക കൊടുത്തു തീർക്കാനുണ്ടായ കാലതാമസം കണക്കാക്കി കർഷകർക്ക് ന്യായമായ പലിശ നല്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബാങ്കിൽനിന്ന് കർഷകർക്ക് നല്കുന്ന വായ്പാ പലിശയ്ക്കാനുപാതികമായി കുടിശ്ശിക തുകയ്ക്ക് പലിശ നല്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>റേഷന്‍ സാധനങ്ങളുടെ സബ്സിഡി ബാങ്കുകള്‍ വഴിയാക്കാന്‍ പദ്ധതി</u>

7202 ശ്രീ. എം. ചന്ദ്രന്‍
,, കെ.കെ ജയചന്ദ്രന്‍
,, ബി. ഡി. ദേവസ്സി
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുടെ സബ്സിഡി ബാങ്കുകള്‍ വഴിയാക്കാന്‍ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുള്ള ഭൂരിപക്ഷം കാര്‍ഡുടമകള്‍ക്കും സബ്സിഡി പ്രയോജനപ്പെടുത്താന്‍ കഴിയാത്ത സ്ഥിതിയുണ്ടാകുമെന്ന കാര്യം അറിവുള്ളതാണോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എ. പി. എൽ. റേഷൻകാർഡ് ബി. പി. എൽ. ആക്കി മാറ്റുന്നതിനുള്ള അധികാരം</u>

7203

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡുകൾ എ. പി. എൽ. വിഭാഗത്തിൽ നിന്ന് ബി. പി. എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അധികാരം റേഷനിംഗ് ഓഫീസർക്ക് നൽകുന്നതിനുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുതിയ റേഷൻ കാർഡ് വിതരണം</u>

7204 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോട്ടോ പതിച്ച റേഷൻ കാർഡ് ഏതു വർഷം മുതലാണ് വിതരണം ചെയ്തത് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റേഷൻ കാർഡിൽ ഏതു വർഷം വരെ ഉപയോഗിക്കാൻ ഉള്ള പേജാണ് രേഖപ്പെടുത്തിയിരിക്കുന്നത് ; ഇതനുസരിച്ച് ഈ റേഷൻ കാർഡുകളുടെ കാലാവധി എന്ന് അവസാനിക്കേണ്ടതാണ് എന്നറിയിക്കുമോ ;

(സി) നിലവിലെ റേഷൻകാർഡിൽ പേജുകൾ ഇല്ലാത്തതുമൂലം അഡീഷണൽ പേജ് വയ്ക്കുകയോ ഒഴിഞ്ഞു കിടക്കുന്ന പേജുകളിൽ രേഖപ്പെടുത്തുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം റേഷൻകട ഉടമകൾ റേഷൻ സാധനങ്ങളുടെ വിതരണത്തിൽ തിരിമറി നടത്താനുള്ള അവസരം ഉള്ളതിനാൽ അടിയന്തരമായി പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്മാർട്ട് റേഷൻ കാർഡുകൾ</u>

7205 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റേഷൻ കാർഡുകൾ സ്മാർട്ടു കാർഡുകൾ ആക്കുന്നത് കൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

അമ്പലപ്പുഴ മണ്ഡലത്തിലെ ബി.പി.എൽ. റേഷൻ കാർഡുകൾ

7206

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കിയിട്ടുണ്ട്;

(ബി) ബി.പി.എൽ. കാർഡിനായുള്ള എത്ര അപേക്ഷകളാണ് തീർപ്പാകാതെയുള്ളത്;

(സി) അർഹരായ എല്ലാപേർക്കും എപ്പോൾ ബി.പി.എൽ. കാർഡ് നൽകാനാകും എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>റേഷന്‍ മൊത്തവ്യാപാര വിതരണ കേന്ദ്രങ്ങള്‍</u>

7207 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

റേഷന്‍ മൊത്തവ്യാപാര വിതരണ കേന്ദ്രങ്ങള്‍ തുടങ്ങുന്നതിനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

7208 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) ഒരു റേഷൻകട കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എന്ത് തുകയാണ് ചെലവു വരുന്നത്; ഇത് ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കല്‍പ്പറ്റ മണ്ഡലത്തിലെ മുണ്ടേരിയില്‍ പുതിയ റേഷന്‍കട

7209 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ മുണ്ടേരിയില്‍ പുതിയ റേഷന്‍കട ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത റേഷന്‍കട ആരംഭിക്കുന്നത് സംബന്ധിച്ച് സര്‍ക്കാര്‍ ഉത്തരവ് ആയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) മുണ്ടേരിയില്‍ പുതിയ റേഷന്‍കട എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പെട്രോൾ പമ്പുകളിൽ മായം ചേർത്ത പെട്രോൾ</u>

7210 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിൽ മായം ചേർത്ത പെട്രോൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട് വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത</u>
<u>കരാറുകാർക്കുള്ള കുടിശ്ശികത്തുക</u>

7211 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത എത്ര കരാറുകാർക്ക് കുടിശ്ശികത്തുക കൊടുത്തുതീർക്കുവാനുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കരാറുകാർക്ക് ഏതെല്ലാം വർഷത്തെ എന്തുതുക വീതം കൊടുത്തുതീർക്കുവാനുണ്ടെന്നു വ്യക്തമാക്കുമോ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് പണം കൊടുത്തുതീർക്കാത്തതിനു കാരണമെന്തെന്നും, മാനദണ്ഡങ്ങൾ പ്രകാരവും കരാർ പ്രകാരവും സാധനങ്ങൾ വിതരണം ചെയ്തവർക്ക് പണം എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ</u>

7212 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) പുതുതായി ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ളത് ഏതെല്ലാം സ്ഥലങ്ങളിലാണ്;

(സി) ഓരോ ഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണം ഏതുഘട്ടത്തിലാണ്;

(ഡി) ഹൈപ്പർമാർക്കറ്റ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും വ്യവസ്ഥകളും എന്തൊക്കെയാണ്;

(ഇ) ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ള ജില്ലകൾ ഏതെല്ലാമാണ്;

(എഫ്) ഒരു നിയോജകമണ്ഡലത്തിൽത്തന്നെ ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ള മണ്ഡലം ഏതാണ്; ഇത്തരത്തിൽ ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചത് ഏത് മാനദണ്ഡവും വ്യവസ്ഥയും പ്രകാരമാണെന്നു വ്യക്തമാക്കുമോ;

(ജി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഹൈപ്പർമാർക്കറ്റുകളുടെ നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതാരാണ്;

(എച്ച്) ഓരോ ഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണത്തിന് എന്തുതുക വീതം ചെലവഴിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ</u>

7213 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാരുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും ഒരാൾക്ക് എത്രവർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട സ്ഥലമാറ്റ മാനദണ്ഡപ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽനിന്നും നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽനിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിലെ സ്ഥലമാറ്റമാനദണ്ഡങ്ങൾ</u>

7214 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത് ;

(ബി) ഓരോ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിൽ മൂന്നു വർഷത്തിലധികമായി സേവനമനുഷ്ടിക്കുന്ന എത്ര ജീവനക്കാർ പർച്ചേസ് വിഭാഗത്തിലുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കപ്പെട്ട സ്ഥലമാറ്റമാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും ഒരാൾക്ക് എത്ര വർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥലമാറ്റ മാനദണ്ഡങ്ങൾ പ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽ നിന്നും നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>സപ്ലൈകോ ജീവനക്കാരുടെ പ്രൊമോഷൻ</u>

7215 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
**രജിസ്ട്രേഷൻനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II, സീനിയർ അസിസ്റ്റന്റ് I എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) 02.09.2013ൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത തീരുമാനങ്ങളിൽ സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്കു വേണ്ടി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(സി) 73 അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ടി സർക്കാരിന്റെ മുന്നിലുള്ള ഫയലിന്റെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന എത്ര ഔട്ട്ലെറ്റുകൾ നിലവിലുണ്ട്; ഒരു എ.എസ്.എം.-ന് എത്ര കാലം ഔട്ട്ലെറ്റിന്റെ ഇൻചാർജായി ജോലി ചെയ്യാവുന്നതാണ്; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ജെ.എ. പോസ്റ്റുകൾക്ക് ആനുപാതികമായി എസ്.എ II എസ്.എ.I തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>മാവേലി ഹോട്ടലുകൾ</u>

7216 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
**രജിസ്ട്രേഷൻനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി ഹോട്ടലുകൾ പുനരാരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കോഴിക്കോട് കുണ്ടുപറമ്പ് മാവേലിസ്റ്റോർ കെട്ടിടത്തിന്റെ വാടക

7217 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കുണ്ടുപറമ്പിലുള്ള മാവേലിസ്റ്റോറിന് വാടക നൽകുന്നതുമായി ബന്ധപ്പെട്ട 9247/സി/13/എഫ്.&സി.എസ്.ഡി നമ്പർ ഫയൽ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് തീയതി സഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>വെള്ളോറയിൽ പുതിയ മാവേലിസ്റ്റോർ</u>

7218 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ വെള്ളോറയിൽ പുതുതായി മാവേലിസ്റ്റോർ തുടങ്ങാനുള്ള ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിച്ച് വെള്ളോറയിൽ മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലയിൽ ചീക്കിലോട് മാവേലിസ്റ്റോർ</u>

7219 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ ചീക്കിലോട് അനുവദിച്ച മാവേലിസ്റ്റോർ തുടങ്ങാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ബി) നിർദ്ദിഷ്ട മാവേലിസ്റ്റോർ എത്രയും പെട്ടെന്ന് തുറന്ന് പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പള്ളിക്കരയിൽ മാവേലി സ്റ്റോർ</u>

7220 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തീരദേശമേഖലയിൽപ്പെടുന്ന പള്ളിക്കര പഞ്ചായത്തിലെ പളളിക്കരയിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിവേദനം നൽകി രണ്ട് വർഷമായിട്ടും ആയത് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മലബാറിലെ പാചകവാതക വിതരണം</u>

7221 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിൽ പാചകവാതക വിതരണത്തിൽ പലപ്പോഴും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേളാരി പ്ലാന്റിൽ ജൂൺമാസത്തിൽ സിലിണ്ടർ വിതരണം സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തുകൊണ്ടാണ് അടിക്കടി സിലിണ്ടർ വിതരണം സ്തംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പാചകവാതകവിതരണം അവശ്യസർവ്വീസ് നിയമത്തിൽ കൊണ്ടുവന്ന് വിതരണ നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അരൂര്‍ നിയോജക മണ്ഡലത്തിലെ പാചകവാതക വിതരണം</u>

7222

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ നിയോജക മണ്ഡലത്തില്‍ പാചകവാതകവിതരണം നടത്തുന്ന ഏജന്‍സികള്‍ ഏതെല്ലാമാണ്; ഏതെല്ലാം കമ്പനികളാണ് പ്രസ്തുത ഏജന്‍സികള്‍ക്ക് പാചകവാതകം വിതരണം ചെയ്യുന്നത് എന്നറിയിക്കുമോ;

(ബി) കഴിഞ്ഞ ആറ് മാസത്തിനിടയില്‍ എത്ര ദിവസം ഏതൊക്കെ ഏജന്‍സികളില്‍ കമ്പനികള്‍ പാചകവാതകം എത്തിക്കാതിരുന്നതുമൂലം യഥാസമയം ഉപഭോക്താക്കള്‍ക്ക് പാചകവാതകം ലഭിക്കാതിരുന്നിട്ടുണ്ട് എന്നറിയിക്കുമോ;

(സി) മറ്റ് ഏതെങ്കിലും കാരണത്താല്‍ ഉപഭോക്താക്കള്‍ക്ക് പാചകവാതകം ലഭിക്കാതിരുന്നിട്ടുണ്ടോ; അപ്രകാരം ലഭിക്കാതിരുന്നത് ഏതൊക്കെ ഏജന്‍സികളില്‍ നിന്നാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) അരൂര്‍ ഭഗവതി ഗ്യാസ് ഏജന്‍സിയില്‍ യഥാസമയം പാചകവാതകം അലോട്ട് ചെയ്യാത്തതുകൊണ്ട് ഉപഭോക്താക്കളും പ്രസ്തുത ഏജന്‍സിയുമായി നിരന്തരം തര്‍ക്കങ്ങള്‍ ഉണ്ടാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് ആവര്‍ത്തിക്കാതിരിക്കാന്‍ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) കമ്പനികള്‍ യഥാസമയം ആവശ്യാനുസരണം പാചകവാതകം വിതരണ ഏജന്‍സികള്‍ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്തൃ തർക്കങ്ങൾ</u>

7223 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഉപഭോക്തൃ തർക്കങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന വിവരം വർഷവും ജില്ലയും തിരിച്ച് അറിയിക്കുമോ;

(ബി) ഇതിൽ ഉപഭോക്താവിനനുകൂലമായി എത്ര വിധികൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

<u>സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം</u>

7224 ശ്രീ. ബെന്നി ബെഹനാൻ
,, കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

## നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്

7225 ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ :

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിന് നടപടി</u>

7226 ശ്രീ. ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരവിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിനുള്ള ഡാറ്റാ എൻട്രി ജോലികൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതി</u>

7227 ശ്രീ. കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് ഏതെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വസ്തു രജിസ്ട്രേഷന് ഫീസിളവ്</u>

7228 ശ്രീ. സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാംതരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നികുതിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്നുമുതലാണ് ഫീസിളവിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അണ്ടർ വാല്യൂവേഷൻ കേസുകൾ</u>

7229 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ.സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
**രജിസ്ട്രേഷൻനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യൂവേഷൻ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>

7230 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) 1997 നു ശേഷം രജിസ്റ്റർ ചെയ്ത ഭൂമിക്ക് വില കുറച്ച് കാണിച്ചതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽവന്ന കുറവ് തിരിച്ചുപിടിക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആരംഭിച്ചിരുന്നുവോ; ഇതുപ്രകാരം എത്ര പേർ തിരിച്ചടവ് പൂർത്തിയാക്കിയെന്നുള്ള വിവരം ജില്ലതിരിച്ച് അറിയിക്കുമോ;

(സി) എത്ര പേർ ഇനിയും ആയത് തിരിച്ചടയ്ക്കാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽപദ്ധതി പ്രയോജനപ്പെടുത്താൻ വീണ്ടും അവസരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി രജിസ്ട്രേഷനിൽ ഫീസ് ഇളവ്**

7231 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി സ്വകാര്യ ഭൂമി രജിസ്റ്റർ ചെയ്തുനൽകുന്നതിന് രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാര്യങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം</u>

7232 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലോ മറ്റു കെട്ടിടങ്ങളിലോ പ്രവർത്തിക്കുന്നു;

(സി) മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടത്തിലോ മറ്റു വകുപ്പുകളുടെ കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?